II ഇ.ബി. XV- കേരള നിയമസഭ/XVI-4

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ഫെബ്രുവരി 3, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ശബരിമല സ്വർണ്ണക്കൊള്ള സംബന്ധിച്ച കേസിലെ പ്രതികൾ ജാമ്യത്തിലിറങ്ങുന്നത് അന്വേഷണത്തെ ബാധിക്കുമെന്നും എസ്.ഐ.ടി. നോക്കുകുത്തിയായി മാറുന്നുവെന്നും അതിൽ പ്രതിഷേധിച്ച് സഭാനടപടികളുമായി സഹകരിക്കുന്നില്ലെന്നും പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങളൊന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ *91-ാം നമ്പർ ചോദ്യം ഉന്നയിച്ചില്ല.)

16 (*92) **ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതി**

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) നൽകിയ മറുപടിയിൽ, 'ലെവൽ ക്രോസ് ഇല്ലാത്ത കേരളം' പദ്ധതിയിലുൾപ്പെടുത്തി 99 റെയിൽവേ മേൽപാലങ്ങൾ/അടിപ്പാതകൾ നിർമ്മിക്കാൻ തീരുമാനിച്ചതിൽ 10 മേൽപാലങ്ങൾ/അടിപ്പാതകൾ ഗതാഗതയോഗ്യമാക്കിയെന്നും പദ്ധതിപ്രകാരം

കെ.ആർ.ഡി.സി.എൽ.-ന് നിർമ്മാണച്ചുമതല നൽകിയ 27 ആർ.ഒ.ബി.-കളിൽ 19 എണ്ണത്തിന് റെയിൽവേയുടെ 100% ഫണ്ടിങ്ങിനുള്ള അനുമതി ലഭിച്ചെന്നും സഭയെ അറിയിച്ചു. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയ 72 പദ്ധതികൾ ഉൾപ്പെടെ ആർ.ബി.ഡി.സി.കെ. നിർമ്മിക്കുന്ന 75 മേൽപാലങ്ങളിൽ ബജറ്റ് മുഖേനയുള്ള അഞ്ച് പദ്ധതികൾക്കായി 87.42 കോടി രൂപയുടെ ഭരണാനുമതിയും ബാക്കിയുള്ള 70 കിഫ്ബി പദ്ധതികൾക്ക് 1711.40 കോടി രൂപയുടെ ഭരണാനുമതിയും 2118.249 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. സൈറ്റ് കൈമാറുമ്പോൾത്തന്നെ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കാനുള്ള സമയം നിശ്ചയിക്കുകയും സൈറ്റ് ഇൻസ്പെക്ഷനും റിവ്യൂ മീറ്റിങ്ങുകളും നടത്തി പദ്ധതി പുരോഗതി വിലയിരുത്തുകയും തടസ്സങ്ങളുണ്ടാകുമ്പോൾ സർക്കാർതലത്തിൽ ഇടപെടലുകൾ നടത്തുകയും ജി.എ.ഡി./അലൈൻമെന്റുമായി ബന്ധപ്പെട്ട തടസ്സങ്ങൾ റെയിൽവേയുമായി യോഗംചേർന്ന് പരിഹരിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ മേൽപാലങ്ങൾക്കുതാഴെ ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലങ്ങൾ ജനസൗഹൃദ പൊതു ഇടങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളുമാക്കുന്ന വി-പാർക്ക് പദ്ധതി ഏഴിടത്ത് പുതുതായി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 2026 മേയ് മാസത്തിനുള്ളിൽ അഞ്ച് റെയിൽവേ മേൽപാലങ്ങൾ (താനൂർ-തെയ്യാല, ചിറയിൻകീഴ്, ഇരവിപുരം, വാടാനംകുറിശ്ശി, അകത്തേത്തറ) പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നതായും ഈ വർഷം മൂന്ന് പുതിയ റെയിൽവേ മേൽപാലങ്ങളുടെ നിർമ്മാണം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി വ്യക്തമാക്കി. ഭൂമിയും എൻ.ഒ.സി.-യും ലഭ്യമാകുന്നമുറയ്ക്ക് പ്ലാത്തുരുത്തി റെയിൽവേ മേൽപാല നിർമ്മാണത്തിനുള്ള തുടർനടപടി സ്വീകരിക്കുമെന്നും വടക്കഞ്ചേരി ബൈപ്പാസിലെ റെയിൽവേ മേൽപാല

നിർമ്മാണം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും അമല ആർ.ഒ.ബി.-യുടെ ജനറൽ അലൈൻമെന്റ് ഡ്രോയിങ് അംഗീകാരത്തിനായി റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17 (*93) **തൊഴിലുറപ്പ് നിയമ ഭേദഗതി**

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, പുതിയ തൊഴിലുറപ്പ് നിയമ ഭേദഗതി പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പങ്കിടണമെന്നും ഇതിലൂടെ വിദഗ്ധ/അർദ്ധവിദഗ്ധ/അവിദഗ്ധ വേതനം, മെറ്റീരിയൽ ചെലവ്, ഭരണപരമായ ചെലവുകൾ എന്നിവയുൾപ്പെടെയുള്ള ആകെ ചെലവിന്റെ 40% സംസ്ഥാനങ്ങൾ വഹിക്കേണ്ട സാഹചര്യം സംജാതമായെന്നും കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന തൊഴിൽ ദിനങ്ങൾക്കുപരിയായി സൃഷ്ടിക്കുന്ന തൊഴിൽദിനങ്ങളുടെ പൂർണ്ണ സാമ്പത്തികബാധ്യത സംസ്ഥാനങ്ങളുടെ ചുമതലയായി മാറിയെന്നും സഭയെ അറിയിച്ചു. പുതിയ നിയമത്തിലെ സെക്ഷൻ 4(4) പ്രകാരം ഗ്രാമപഞ്ചായത്തുകളെ എ, ബി, സി വിഭാഗങ്ങളായി തരംതിരിക്കുമെന്നും സെക്ഷൻ 5(1) പ്രകാരം കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്യുന്ന ഗ്രാമീണമേഖലകളിൽ മാത്രമാകും 125 ദിവസത്തെ തൊഴിലുറപ്പ് ഉണ്ടാകുകയെന്നും കൃത്യസമയത്ത് തൊഴിലും കൂലിയും നൽകിയില്ലെങ്കിൽ കൊടുക്കേണ്ട തൊഴിലില്ലായ്മ വേതനവും നഷ്ടപരിഹാരവും സംസ്ഥാനങ്ങളുടെ ബാധ്യതയായെന്നും മന്ത്രി വ്യക്തമാക്കി. മുൻകാലങ്ങളിൽ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങളും പദ്ധതി ചെലവിന്റെ പുതിയ അനുപാതവുംകൂടി

കണക്കാക്കുമ്പോൾ പത്തുകോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാനത്തിന് 2806 കോടി രൂപ വരെ അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്നതാണ്. തൊഴിലുറപ്പ് പദ്ധതി വിഹിതമായി 1210 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാനുണ്ട്. പുതിയ സംസ്ഥാന ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്ക് ആയിരം കോടി രൂപ അധികവിഹിതമായി അനുവദിച്ചിട്ടുണ്ടെന്നും തൊഴിലുറപ്പ് തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി ക്ഷേമനിധി ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയ രാജ്യത്തെ ആദ്യ സംസ്ഥാനം കേരളമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*94) **<u>കോഴിക്കോട്-വയനാട് തുരങ്കപാത</u>**

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കോഴിക്കോട്-വയനാട് തുരങ്കപാത നിർമ്മാണത്തിന് കിഫ്ബി 2134.5 കോടി രൂപ അനുവദിച്ചെന്നും പശ്ചാത്തല മേഖലയിലെ ഈ മുന്നേറ്റം മലയോര മേഖലയുടെ സമഗ്രവികസനത്തിനും സാമ്പത്തിക വളർച്ചയ്ക്കും കുറഞ്ഞ ചെലവിലുള്ള ചരക്ക് കൈമാറ്റത്തിനും ഉതകുമെന്നും താമരശ്ശേരി ചുരത്തിലെ ഗതാഗതക്കുരുക്കും ഗതാഗതചെലവും മലിനീകരണവും കുറയ്ക്കുമെന്നും സംസ്ഥാനത്തെ മുഖ്യ ടൂറിസം ആകർഷണമായി മാറുമെന്നും സഭയെ അറിയിച്ചു. ആനക്കാംപൊയിൽ ഭാഗത്ത് ഖനനപ്രവർത്തനങ്ങളും മേപ്പാടി ഭാഗത്ത് 145 മീറ്റർ കട്ട് & കവർ ചെയ്യുന്നതിനുള്ള ഖനനവും ചരിവ് സ്ഥിരപ്പെടുത്തുന്നതിനുള്ള ജോലികളും പുരോഗമിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രധാന യന്ത്രസാമഗ്രികൾ സൈറ്റിൽ സജ്ജീകരിക്കുകയും ബാച്ചിങ് പ്ലാന്റ്, ഗുണനിലവാര നിയന്ത്രണ ലബോറട്ടറി, ഓഫീസ് കെട്ടിടം,

തൊഴിലാളികൾക്കുള്ള ലേബർ ക്യാമ്പ് തുടങ്ങിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണെന്നും മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഫെബ്രുവരി അവസാനത്തോടെ ബ്ലാസ്റ്റിങ്ങിലേക്ക് പോകുമെന്നും 2029-ൽ പദ്ധതി പൂർണമായും സജ്ജമാകുമെന്ന് കരുതുന്നതായും മന്ത്രി വ്യക്തമാക്കി. കുന്ദമംഗലം-അഗസ്ത്യമൂഴി നാലുവരിപ്പാതയുടെ അലൈൻമെന്റ് സർക്കാരിന്റെ പരിഗണനയിലാണെന്നും പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായെന്നും കട്ടപ്പന-തേനി തുരങ്കപാതയുടെ സാധ്യതാപഠനത്തിന് ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

19 (*95) **പാഠപുസ്തകങ്ങളിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങൾ**

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2023-24 അധ്യയന വർഷം മുതൽ ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലെ പരിഷ്കരിച്ച എല്ലാ പാഠപുസ്തകങ്ങളിലും മീഡിയമനുസരിച്ച് അതത് ഭാഷകളിൽ ആമുഖവും ഭരണഘടനാ ആശയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും താഴ്ന്ന ക്ലാസ്സുകളിൽ ലളിതമായും ഉയർന്ന ക്ലാസ്സുകളിൽ ആഴത്തിലുള്ള വിശകലനങ്ങളിലൂടെയും ജനാധിപത്യം, മതേതരത്വം, തുല്യത തുടങ്ങിയ ആശയങ്ങൾ കുട്ടികൾക്ക് പകർന്നുനൽകുന്നുണ്ടെന്നും ലിംഗനീതി, പോക്സോ നിയമങ്ങൾ, ശാസ്ത്രബോധം എന്നിവയ്ക്കും പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിമർശനാത്മക ബോധനശാസ്ത്രം അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ ഒരുക്കാൻ സഹായകമാകുംവിധമാണ് പാഠപുസ്തകങ്ങളും അധ്യാപക സഹായിയും തയ്യാറാക്കിയിട്ടുള്ളത്. സമൂഹജ്ഞാന നിർമ്മിതി അടിസ്ഥാനമാക്കി ബോധനപ്രക്രിയ നിശ്ചയിച്ചതിനാൽ അറിവ് പറഞ്ഞുകൊടുക്കുന്നതിന്

പകരം ചോദ്യങ്ങളിലൂടെയും വിശകലനത്തിലൂടെയും കുട്ടികൾതന്നെ അറിവ് കൂട്ടായിനേടിയെടുക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രശ്നപരിഹരണശേഷി സമീപനത്തിന്റെ ഭാഗമായി സാമൂഹിക വിഷയങ്ങളെ ആധാരമാക്കി പാഠഭാഗങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത് പഠനത്തെ ജീവിതസാഹചര്യങ്ങളുമായി ബന്ധിപ്പിക്കാൻ സഹായിക്കുമെന്നും ഓർമ്മശക്തിക്കുപകരം വ്യത്യസ്തമായ ചിന്താപ്രക്രിയകൾക്ക് പ്രാധാന്യം നൽകാനായി മൂല്യനിർണ്ണയ രീതിയിൽ ശാസ്ത്രീയമാറ്റങ്ങൾ വരുത്തിയെന്നും ഓരോ വിഷയത്തിനും എഴുത്തുപരീക്ഷയിൽ കുറഞ്ഞത് 30% മാർക്ക് നേടണമെന്ന നിബന്ധന കൊണ്ടുവന്നെന്നും കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് ചോദ്യപേപ്പർ ഘടനയിൽ കാലോചിത മാറ്റംവരുത്തിയെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പൊതുവിദ്യാലയങ്ങളെ ആഗോളനിലവാരമുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുകയെന്ന ദൗത്യത്തോടെ ആരംഭിച്ച വിദ്യാകിരണം മിഷന്റെ ലക്ഷ്യങ്ങളിൽ സ്കൂളുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജമാക്കുക, ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തുക എന്നിവയും ഉൾപ്പെടുന്നുണ്ട്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും സഭ രാവിലെ 9.39-ന് താല്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.)

- - - - - - - - - -